# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ -നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം -3
ഫോൺ : 0471-2727378, 2727379., ഇമെയിൽ: obcdirectorate@gmail.com

.......................................................................................................................................

BCDIR/A2/22/2019 തീയതി : 27/04/2019

## വിജ്ഞാപനം

വിഷയം :പിന്നാക്ക വിഭാഗ വികസനം –പരമ്പരാഗത കളിമൺപാത്ര നിർമാണ തൊഴിലാളികൾക്കുള്ള ധനസഹായ പദ്ധതി 2019-20 വർഷത്തേയ്ക്കുള്ള അപേക്ഷ ക്ഷണിക്കുന്നു.

സൂചന : 1) സ.ഉ(സാധാ) 18/2013/പി.സ.വി.വ തീയതി. 16.02.2013.
2) സ.ഉ(കൈ) 03/2019/പി.വി.വി.വ തീയതി. 08.02.2019.

സംസ്ഥാനത്ത് കളിമൺപാത്ര നിർമാണം കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ള ഒ.ബി.സി വിഭാഗത്തിൽപെട്ട പരമ്പരാഗത മൺപാത്ര തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകി പ്രസ്തുത തൊഴിൽ അന്യം നിന്ന് പോകാതെ നിലനിർത്തുന്നതിനും, ടി തൊഴിലിലേക്ക് പുതു തലമുറയെക്കൂടി ആകൃഷ്ടരാക്കുന്നതിനും, മൺപാത്ര ഉപയോഗത്തിന്റെ നിലവിലുള്ള സാമൂഹിക സാഹചര്യത്തിന്റെ പ്രാധാന്യം പ്രചരിപ്പിക്കുന്നതിനും വേണ്ടി പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കുന്ന **"കളിമൺപാത്ര നിർമാണ തൊഴിലാളികൾക്കുള്ള ധനസഹായ പദ്ധതി"** യ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി - 25.05.2019.

ഒരു വ്യക്തിക്ക് പരമാവധി 50,000/- രൂപയാണ് (ആകെ ഉപകരണങ്ങൾ/ കെട്ടിടം എന്നീ ചെലവുകളുടെ 50% എന്ന നിബന്ധനക്ക് വിധേയമായി) ഗ്രാന്റായി അനുവദിക്കുന്നത്. അർഹരായ വ്യക്തികൾ നിബന്ധനകൾക്ക് വിധേയമായി നിയമാനുസൃതം കരാർ ഒപ്പിടുമ്പോൾ 50% (പരമാവധി 25,000/- രൂപ) ആദ്യ ഗഡുവായി അനുവദിക്കുന്നു. നിർമാണം പൂർത്തിയാക്കി പിന്നാക്ക വിഭാഗ വികസന വകുപ്പ് ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രത്തിന്റേയും, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയർ/ഏതെങ്കിലും ലൈസൻസ്ഡ് എഞ്ചിനീയർ നൽകുന്ന വാലുവേഷൻ സർട്ടിഫിക്കറ്റിന്റേയും അടിസ്ഥാനത്തിൽ, ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാത്രം രണ്ടാം ഗഡു അനുവദിക്കുന്നതാണ്.

അപേക്ഷാഫാറം www.bcdd.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്യാവുന്നതാണ്. നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷയും, പ്രൊജക്റ്റ് റിപ്പോർട്ടും, അനുബന്ധ രേഖകളും സഹിതം 25.05.2019 നകം പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ബന്ധപ്പെട്ട മേഖലാ ആഫീസുകളിൽ ലഭ്യമാക്കേണ്ടതാണ്. കഴിഞ്ഞ വർഷം അപേക്ഷിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. ടി അപേക്ഷകളിൽ അർഹതയുള്ളവ ഈ വർഷം പരിഗണിക്കുന്നതാണ്.

(മറുപുറം)

*മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും*

- ❖ അപേക്ഷകൻ/അപേക്ഷക സംസ്ഥാനത്തെ ഒ.ബി.സി വിഭാഗത്തിൽ ഉൾപ്പെട്ടവരായിരിക്കണം.
- ❖ നിലവിൽ മൺപാത്ര നിർമാണ തൊഴിൽ ചെയ്യുന്നവരായിരിക്കണം
- ❖ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ അധികരിക്കരുത്.
- ❖ മുൻ വർഷങ്ങളിൽ ടി പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചവർക്കോ, അതേ കുടുംബത്തിലെ മറ്റ് അംഗങ്ങൾക്കോ തുക അനുവദിക്കുന്നതല്ല.
- ❖ മൺപാത്ര വിപണനം മാത്രം നടത്തുന്നവർക്ക് ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതല്ല.
- ❖ ഉയർന്ന പ്രായ പരിധി – 60 വയസ്സ്

അപേക്ഷാഫാറത്തോടൊപ്പം വസ്തുവിന്റെ കൈവകാശ സർട്ടിഫിക്കറ്റ്, നിലവിൽ മൺപാത്ര നിർമ്മാണം നടത്തുന്നു എന്ന് തെളിയിക്കുന്ന ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപന മേധാവി /സെക്രട്ടറിയിൽ നിന്നുള്ള സാക്ഷ്യപത്രം, ഇതേ ആവശ്യത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്ന് ആനുകൂല്യം അനുവദിച്ചിട്ടില്ലായെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം (സെക്രട്ടറി ഒപ്പ് വച്ചത്),ഖാദി ബോർഡിൽ നിന്ന് ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം, വെള്ളക്കടലാസ്സിൽ തയ്യാറാക്കിയ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട്, ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, റേഷൻ കാർഡിന്റെ ആദ്യ പേജിന്റെ പകർപ്പ്, ആധാർ കാർഡ്/തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്എന്നിവ ഹാജരാക്കണം. അപൂർണ്ണവും സാക്ഷ്യപത്രങ്ങളില്ലാത്തതുമായ അപേക്ഷകൾ നിരസിക്കുന്നതാണ്.

മേൽ പരാമർശിച്ചിട്ടുള്ള രേഖകൾ ഇനി പറയുന്ന വിലാസത്തിൽ നേരിട്ടോ തപാൽ മാർഗ്ഗമോ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട്എന്നീ ജില്ലകളിലെ അപേക്ഷകർ | തൃശ്ശൂർ, എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ അപേക്ഷകർ |
| മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽസ്റ്റേഷൻ - ഒന്നാം നില<br>കോഴിക്കോട് –673020<br>ഫോൺ - 0495 2377786 | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>രണ്ടാം നില -സിവിൽസ്റ്റേഷൻ<br>കാക്കനാട്, എറണാകുളം –682030<br>ഫോൺ - 0484 2429130 |

(ഒപ്പ്)
ഡയറക്ടർ

പകർപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ്
ഡയറക്ടർ - വിവര പൊതുജന സമ്പർക്ക വകുപ്പ്
ഡയറക്ടർ - പഞ്ചായത്ത് വകുപ്പ്
ഡയറക്ടറുടെ മേശ മേൽ
മേഖലാ ഡെപ്യൂട്ടി ഡയറക്ടർ - പി.വി.വി.വ – എറണാകുളം/കോഴിക്കോട്
ഐ.ടി ഡിവിഷൻ കോർഡിനേറ്റർ - പിവിവിവ
കരുതൽ/അധികം

പിവിഎസ്25.04.19